ഉത്തരം

(എ & ബി) ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ 30-4-2014-ലെ ദുബായ് യാത്രയുടെ കണക്കുകൾ തീർപ്പാക്കാനുണ്ട്. മറ്റുള്ളവരുടെ വിദേശയാത്രകൾ സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി & ഡി) ഔദ്യോഗിക വിദേശയാത്രകളുടെ ചെലവ് സംബന്ധിച്ച ലഭ്യമായ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* അന്തിമ മറുപടി ശേഖരിച്ചു നൽകുന്നതാണ്.

ഉത്തരവുകൾ പാലിക്കപ്പെടുന്നതായി ഉറപ്പുവരുത്തുന്നതിന് നടപടി

17 (6162) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവുകൾ പാലിക്കപ്പെടുന്നതായി ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ;

(ബി) റീസർവ്വെ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് ഏതെല്ലാം നടപടികൾ സ്വീകരിക്കുന്നതിനാണ് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയിട്ടുള്ളത് ;

(സി) വില്ലേജ് തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ; വിശദമാക്കാമോ ;

(ഡി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവുകളിൽ ഇനിയും നടപടികൾ ആരംഭിച്ചിട്ടില്ലാത്തവ ഏതെന്ന് വിശദമാക്കാമോ ;

(ഇ) എങ്കിൽ പ്രഖ്യാപനങ്ങൾ നടപ്പിൽ വരുത്തുന്നതിൽ ഉള്ള കാലതാമസവും പ്രതിബന്ധങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉത്തരവുകളിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ പാലിച്ചാണ് നടപടികൾ സ്വീകരിച്ചുവരുന്നത്.

(ബി & സി) റീസർവ്വെ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് 8612/ CMPGRC3/SK/2014/പൊ.ഭ.വ തീയതി 3-5-2012 പ്രകാരം റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുള്ളതും അതുപ്രകാരം വില്ലേജ്തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നതുമാകുന്നു.

(ഡി & ഇ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച എല്ലാ ഉത്തരവുകളും ഉത്തരവുതീയതി മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly